# 14-ാം കേരള നിയമ സഭ
## 1-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.181 | 28/6/2016-ൽ മറുപടിയ്ക്ക്

## പാരിപ്പള്ളി ഇ.എസ്.ഐ.മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി ഇ. എസ്. ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ ഇ. എസ്. ഐ പരിധിയിലുള്ള തൊഴിലാളികൾക്കും മക്കൾക്കും എന്തൊക്കെ പരിഗണനയും ആനുകൂല്യങ്ങളുമാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ചാത്തന്നൂർ മണ്ഡലത്തിലെ ഇ. എസ്. ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള Memorandum of Undertaking -ൽ ഇ. എസ്. ഐ പരിധിയിലുള്ള തൊഴിലാളികൾക്ക് ചികിത്സയും, അവരുടെ മക്കൾക്ക് എം. ബി. ബി. എസ് പ്രവേശനം ലഭിക്കുന്നതിന് 35% സീറ്റുകൾ ദേശീയ തലത്തിൽ നീക്കി വയ്ക്കുകയും ചെയ്യുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ പ്രസ്തുത സ്ഥാപനം പൂർണ്ണ തോതിൽ മെഡിക്കൽ കോളേജ് ആയി പ്രവർത്തിപ്പിക്കണമെങ്കിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര തസ്തിക സൃഷ്ടിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) ഏകദേശം 875 തസ്തികകൾ സൃഷ്ടിക്കേണ്ടി വരും. 100 എം. ബി. ബി. എസ് സീറ്റുകളും 500 കിടക്കകളും ഉള്ള ഒരു മെഡിക്കൽ കോളേജിന് കീഴിൽ പൂർണ്ണ തോതിൽ ആശുപത്രിയായി പ്രവർത്തിക്കുന്നതിനും, ടി കോളേജിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ എം. ബി. ബി. എസ് കോഴ്സ് ആരംഭിക്കുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരം മേൽ പറഞ്ഞ തസ്തികകൾ സൃഷ്ടിക്കേണ്ടി വരും. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിലേയ്ക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | പാരിപ്പള്ളി ഇ. എസ്. ഐ. മെഡിക്കൽ കോളേജിൽ 100 എം. ബി. ബി. എസ് സീറ്റുകൾ ഉള്ള ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് Letter of Permission ലഭിക്കുന്നതിനായി 108 തസ്തികകൾ (അദ്ധ്യാപക-അനദ്ധ്യാപക) സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഈ വകുപ്പിലെ 51315/എസ്3/2014/ആകുവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 2016 - 17 വർഷത്തിൽ 100 എം. ബി. ബി. എസ് സീറ്റിന് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തുകയും ചെയ്തു. ആയതിന്റെ റിപ്പോർട്ട് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും നാളിതു വരെ ലഭിച്ചിട്ടില്ല. |
| (ഡി) | ഈ മെഡിക്കൽ കോളേജിൽ 2016-17 വർഷം എം. ബി. ബി. എസ്. പഠനം ആരംഭിക്കുവാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിക്കുമോ? | | |

സെക്ഷൻ ഓഫീസർ